"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തൃശൂർ ജില്ല – തൃശൂർ നാട്ടികയിൽ തടി കയറ്റി വന്ന ലോറി 26.11.2024 ന് പുലർച്ചെ 4 മണിക്ക് ദേശിയ പാതയോരത്ത് ഉറങ്ങികിടന്നവരുടെ മേൽ പാഞ്ഞു കയറി ഉണ്ടായ അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക്/അവകാശികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

സ.ഉ.(കൈ) നം.6/2025/RD തീയതി,തിരുവനന്തപുരം, 12-01-2025

പരാമർശം:-
1. തൃശ്ശൂർ ജില്ല കളക്ടറുടെ 30.11.2024തീയതിയിലെ DCTSR/678/2024-A13നമ്പർ കത്ത്
2. പാലക്കാട് ജില്ല കളക്ടറുടെ 30.11.2024തീയതിയിലെ DCPKD/15418/2024-D8നമ്പർ കത്ത്.

**ഉത്തരവ്**

തൃശൂർ തൃപ്രയാർ നാട്ടികയിൽ നിന്നും പെരുമ്പാവൂരിലേക്ക് തടി കയറ്റി വന്ന ലോറി **26.11.2024** ന് പുലർച്ചെ **4** മണിക്ക് ദേശിയ പാതയോരത്ത് ഉറങ്ങികിടന്നവരുടെ മേൽ പാഞ്ഞു കയറി ഉണ്ടായ അപകടത്തിൽ 5 പേർ മരണപെട്ടതായും, മരണപ്പെട്ടവർ പാലക്കാട് ഗോവിന്ദാപുരം ചെമ്മനംതൊട് കോളനി നിവാസികളായ കാളിയപ്പൻ(50), നാഗമ്മ (39), ബംഗാരി (20), വിശ്വ (1) ,ജീവൻ (4) എന്നിവരാണെന്നും തൃശൂർ ജില്ല കളക്ടർ പരാമർശം (1) മുഖേന റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ മരണപ്പെട്ടവരുടെ ആശ്രിതരുടെ /അവകാശികളുടെ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരം ആണെന്ന് പരാമർശം (2) പ്രകാരം പാലക്കാട് ജില്ല കളക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | മരണമടഞ്ഞവർ | അവകാശികൾ |
|---|---|---|
| 1 | കാളിയപ്പൻ & നാഗമ്മ ദമ്പതികൾ | മക്കളായ (i)വിജയ്(24), (ii)ശിവകാശി(20), (iii)അരുൺ,(iv)വിജയ |
| 2 | ബംഗാരി & ബംഗാരിയുടെ മകൻ വിശ്വ | വിജയ്(24) (ബംഗാരിയുടെ ഭർത്താവ്) |
| 3 | ജീവൻ (4) | രമേഷ് (25) പിതാവ് |

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശൂർ തൃപ്രയാർ നാട്ടികയിൽ നിന്നും പെരുമ്പാവൂരിലേക്ക് തടി കയറ്റി വന്ന ലോറി 26.11.2024 ന് പുലർച്ചെ 4 മണിക്ക് ദേശിയ പാതയോരത്ത് ഉറങ്ങികിടന്നവരുടെ മേൽ പാഞ്ഞു കയറി ഉണ്ടായ അപകടത്തിൽ മരണമടഞ്ഞ മൂന്ന് കുടുംബങ്ങൾക്കുമായി അവരുടെ ആശ്രിതർക്ക്/അവകാശികൾക്ക് താഴെ പറയും പ്രകാരം വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഓരോ കുടുംബത്തിനും രണ്ടു ലക്ഷം രൂപ വീതം ആകെ ആറ് ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുന്നു.

| | മരണമടഞ്ഞവർ | അവകാശികൾ | അനുവദിച്ച തുക |
|---|---|---|---|
| 1 | കാളിയപ്പൻ&നാഗമ്മ ദമ്പതികൾ | മക്കളായ(i)വിജയ്(24), (ii)ശിവകാശി(20), (iii)അരുൺ(iv)വിജയ | 2,00,000/- |
| 2 | ബംഗാരി & ബംഗാരിയുടെ മകൻ വിശ്വ | വിജയ്(24) (ബംഗാരിയുടെ ഭർത്താവ്) | 2,00,000/- |
| 3 | ജീവൻ (4) | രമേഷ് (25) പിതാവ് | 2,00,000/- |
| | | ആകെ | 6,00,000/- |

വിതരണത്തിനാവശ്യമായി വരുന്ന 6,00,000/-രൂപ (ആറ് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തൃശൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, തൃശ്ശൂർ
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധി ഖജാൻജി)
പൊതുഭരണ (എസ്. സി) വകുപ്പ് (08.01.2025ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നം. 2608 പ്രകാരം)
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ ക്ക്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് - എ & സി) വകുപ്പുകൾ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
V D Omana
Date: 13-01-2025 10:58:42

സെക്ഷൻ ഓഫീസർ